H.S.E. (I)
June 2008

Reg. No. ....................................

Name ....................................

302

## Part - II

## മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours

Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം ' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

1. "ഞാനാലോചിച്ചുപോയി, എത്ര നിറങ്ങളാണ് എത്ര ഗന്ധങ്ങളാണ്, എത്ര വിസ്മയങ്ങളാണ് എനിക്ക് നഷ്ടപ്പെട്ടത്"

(കണ്ണാന്തളിപ്പൂക്കളുടെ കാലം, എം.ടി. വാസുദേവൻനായർ)

"ഈടുവെപ്പുകളെല്ലാം
പോകിലും പുതിയൊരു
നാടു നമ്മുടേതാകാം,
അസംഖ്യം തോഴൻമാരും

(യുഗപരിവർത്തനം, വൈലോപ്പിള്ളി ശ്രീധരമേനോൻ)

നഷ്ടപ്പെട്ടുപോകുന്ന ഈടുവെപ്പുകളെക്കുറിച്ച് എഴുത്തുകാർക്ക് വ്യത്യസ്തവീക്ഷണങ്ങളാണ് ഉള്ളതെന്ന നിഗമനത്തിലേക്ക് ഈ വരികളുടെ വായനയിൽ നിന്ന് നിങ്ങൾക്ക് എത്തിച്ചേരാൻ കഴിയുമോ? സ്വാഭിപ്രായം രേഖപ്പെടുത്തുക. (6)

2. നിങ്ങളുടെ പ്രായത്തിലുള്ള ധാരാളം കുട്ടികൾ ഇന്ന് വിവിധതരം ബാലവേലകളിൽ ഏർപ്പെട്ടിരിക്കുന്നു. ബാല്യംനഷ്ടപ്പെടുന്ന ഇവരുടെ ജീവിതം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പത്രാധിപർക്ക് ഒരു കത്തെഴുതുക. **(6)**

3. പ്ലാസ്റ്റിക്കിന്റെ ഉപയോഗം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരാനായി പരിസ്ഥിതി വകുപ്പിനു വേണ്ടി ഒരു പരസ്യവാചകം തയാറാക്കുക. **(2)**

4. 'പകയറ്റ നോട്ടവും പതിരറ്റ മൊഴികളും
പരുഷതയെ സുസ്നിഗ്ദ്ധമാക്കിടും സ്പർശവും
അപരന്റെ ദാഹത്തിനെന്തേതിനേക്കാളു–
മധികമാം കരുതലും കരുണയും'-കവി

സാക്ഷാത്കരിക്കാൻ കൊതിക്കുന്ന ലോകത്തിന്റെ മൂല്യങ്ങളാണിവ. ഇത്തരമൊരു ലോകം കവി കല്പന മാത്രമാണോ? ഇതിനുള്ള പ്രതിബന്ധങ്ങളെന്താണ്? ഒരു നവലോക സൃഷ്ടിക്കു നിങ്ങളുടെ ചിന്തകൾ കൂടി അവതരിപ്പിക്കുന്ന പ്രതികരണക്കുറിപ്പ് എഴുതുക. **(8)**

5. താഴെ കൊടുത്തിരിക്കുന്ന വാക്യത്തിൽ നിന്ന് നാല് പരകീയ പദങ്ങൾ തെരഞ്ഞെടുത്ത് എഴുതുക

'സർക്കാരിന്റെ പത്ത് ഏക്കർ ഭൂമി കൈയേറി റിസോർട്ട് പണിത അബ്ക്കാരിക്കെതിരെ നാട്ടുകാർ നൽകിയ ഹർജി പരിഗണിച്ച് സ്ഥലം തഹസീൽദാരുടെ നിർദ്ദേശപ്രകാരം അധികാരികൾ കേസെടുത്തു'. **(4)**

6. "പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥകൾ വായിച്ചാൽ പോരാ, വരികൾക്കിടയിലൂടെ വായിക്കണം"- കോവിലൻ

പുനത്തിൽ കുഞ്ഞബ്ദുള്ളയുമായി നിങ്ങൾ നടത്താനിടയുള്ള ഒരു അഭിമുഖ സംഭാഷണത്തിനായുള്ള ആറ് ചോദ്യങ്ങൾ തയാറാക്കുക. **(6)**

7. "കുരിശിലൊരു കാപ്പിരി ക്രിസ്തു മരിച്ചുയിർ

ത്തെഴുന്നേൽക്കുമിരുളാണ്ട ഭൂഖണ്ഡ സീമയിൽ"

(വീടുകൾ- ഒ.എൻ.വി. കുറുപ്പ്)

'കാപ്പിരി ക്രിസ്തു' എന്ന വാക്കിലൂടെ കവി ധ്വനിപ്പിക്കുന്ന ആശയമെന്താണ്? **(4)**

8. "വേളി കഴിഞ്ഞ ഉടനെ നങ്ങേമടെ നമ്പൂതിരി മരിച്ചു. പിന്നെ അവള് ഒറ്റയ്ക്ക് മനയ്ക്കല് കഴിയണം ന്നാ അന്നത്തെ നിശ്ചയം. ആണുങ്ങൾക്ക് വേളി, അതിനു പുറത്ത് സംബന്ധം, എന്തുമാവാം. അങ്ങനെ വി.ടി. കൂടി മുൻകൈ എടുത്താ നങ്ങമെടെ പുനർ വിവാഹം നടന്നത്. എം.ആർ.ബി ആണ് നങ്ങേമയെ വിവാഹം ചെയ്തത്."

സൂചിത സന്ദർഭത്തിന്റെ പ്രാധാന്യം വ്യക്തമാവുന്ന രീതിയിൽ ഒരു പത്രവാർത്ത തയാറാക്കുക. ഉചിതമായ തലക്കെട്ട് നിർദ്ദേശിക്കുക. **(4)**

9. വാമൊഴിയുടെ സമർത്ഥമായ പ്രയോഗം കൃതികളുടെ ചാരുത വർദ്ധിപ്പിക്കുന്നു എന്ന അഭിപ്രായം 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിനെ അടിസ്ഥാനമാക്കി പരിശോധിക്കുക. **(8)**

10.

**THE CAGE**

A cage is being set for me
It frightens me, It haunts me
Should I be untrue, unreal?
They say I am a girl.

Where can I bury my thoughts?
Where can I take shelter
Should I be a rock, lifeless
They say I am a girl

Why is the world after me?
Why is the girl cursed
Should I be blind, dumb?
They say I am a girl

(cage - കൂട്, haunts- വേട്ടയാടുന്നു, cursed-ശപിക്കപ്പെട്ട)

ഈ കവിത നിങ്ങളിൽ സൃഷ്ടിച്ച വൈകാരികാനുഭവത്തെക്കുറിച്ച് എഴുതുക. **(6)**

11. കാലം എത്ര മാറിയാലും സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് എന്നും സമാനതകളുണ്ട്. കീചകവധത്തിലെ സൈരന്ധ്രിയുടെ അനുഭവവും സമകാലിക സ്ത്രീ അനുഭവങ്ങളും താരതമ്യം ചെയ്ത് പ്രബന്ധം തയാറാക്കുക. **(8)**

12. താഴെ കൊടുത്തിരിക്കുന്ന കവിതക്ക് ഒരു ആസ്വാദനം തയാറാക്കുക.

**പന്തു കായ്ക്കും കുന്ന്**

കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ
മണ്ണുമാന്തിയെടുക്കുന്ന കൈകളിൽ
പന്തുപോലൊന്നു കിട്ടിയാൽ നിർത്തണേ
ഒന്നു കൂക്കി വിളിച്ചറിയിക്കണേ...
പണ്ടുഞങ്ങൾ കുഴിച്ചിട്ടതാണെടോ
പന്തുകായ്ക്കും മരമായ് വളർത്തുവാൻ

(മോഹനകൃഷ്ണൻ കാലടി) **(8)**

13. സ്ത്രീജിതനല്ല; ശ്രീജിതനാണ് രാവണൻ എന്ന് അഭിമാനപൂർവ്വം പറയുന്ന ലങ്കാലക്ഷ്മിയിലെ രാവണനെയും 'രാവണഗർവ്വം' രാവണൻ പിടിച്ച പുലിവാല് എന്നീ പാഠഭാഗങ്ങളിൽ തെളിയുന്ന രാവണനെയും താരതമ്യം ചെയ്ത് ഒരു പ്രബന്ധം തയാറാക്കുക. **(10)**